**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **09-02-2023 - ൽ മറുപടിയ്ക്ക്**

**വയനാട്ടിലെ പ്രളയ ദുരിതാശ്വാസത്തിനായി നീക്കിവെച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വയനാട്ടിലെ ആദിവാസികൾക്കായി എത്ര തുക നീക്കിവെച്ചുവെന്നും ഇതിൽ എത്ര തുക വിതരണം ചെയ്തുവെന്നും അറിയിക്കുമോ; വിശദമാക്കുമോ? | (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്തങ്ങൾ നേരിടുന്നതിനും ആയതിന്റെ പ്രതികരണ പ്രവർത്തനങ്ങൾക്കുമായി ആണ് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള തുക വിനിയോഗിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് തുക ഒരു പ്രത്യേക വിഭാഗത്തിനായി പ്രത്യേകം നീക്കി വയ്ക്കുവാൻ മാനദണ്ഡ പ്രകാരം സാധിക്കുകയില്ല. ആയതിനാൽ ആദിവാസികൾക്കായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. പ്രളയ ദുരന്തം ബാധിക്കപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരമാണ് ധനസഹായം അനുവദിക്കുന്നത്. ഇതിനു പുറമെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും, പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള സഹായധനവും അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ